റേറാംസ് ക്ലാസിക്സ്

# ബോബനും മോളിയും

മലയാളിയുടെ ബാല്യം

29

Rs.15/-




നാളെ നമ്മുടെ ലക്ഷം വീടിന്റെ ഉദ്ഘാടനമാ.
ഒന്നാം ഘട്ടത്തിൽ 9 വീടുകൾ തീർന്നു. രണ്ടാം ഘട്ടത്തിലിപ്പോൾ ആറ്.
അങ്ങനെ 96%. ഇനി നാലെണ്ണം കൂടി മതിയല്ലോ!
മൊത്തം ഒരു ലക്ഷമെന്നേ കേട്ടിട്ടുള്ളൂ!
സ്വാഗതം.
പരേതനായ മന്ത്രി അവർകൾക്കും ബഹുമാനപ്പെട്ട മഹാജനങ്ങൾക്കും - - - -
- - - ഇത്രയും പറഞ്ഞുകൊണ്ട് ലക്ഷം വീടിന്റെ ഭാഗമായ ആറു വീടുകളുടെ ഉദ്ഘാടനം നിർവ്വഹിച്ചുകൊള്ളുന്നു.
ഇവർക്കൊന്നും ലക്ഷം വീട് കിട്ടിയില്ലേ?
ഇവരൊക്കെ ലക്ഷം വീട്ടിൽ താമസിക്കുന്നവരാ.


അടുക്കളേടെ പാതകം ഒന്നു പൊളിച്ചു പണിയണം. കുറെ സിമന്റു വേണം.
ചില്ലറയായാവശ്യത്തിന് ഓപ്പൺ മാർക്കറ്റിൽ കിട്ടുമെന്ന് സർക്കാർ അറിയിപ്പുണ്ട്.
പാതകം പണിയാനാണല്ലേ. ഇതിന് ചാക്കിന് 47 രൂപാ.
ഇതാ ശരിക്കും പാതകം
ഇത് ഓപ്പൺ മാർക്കറ്റിൽ വിറ്റു വരുന്ന വില 50 രൂപ.
ഒരു ചാക്കൊക്കെ പൊട്ടിയതാണല്ലോ!
ഓപ്പൺ എന്നു വച്ചാൽ ഇന്നതാണോ?
കളക്ടറേറ്റിൽ അപേക്ഷിച്ചാൽ നിയന്ത്രിത വിലയ്ക്കു സിമന്റു കിട്ടും.
എന്ത്? പാതകം പണിയാൻ 50 ചാക്ക് സിമന്റോ?
സർക്കാരിന്റെ കാര്യമല്ലേ. കുറച്ചു വേണമെങ്കിൽ പെരുക്കിയപേക്ഷിക്കണമല്ലോ!
പാതകത്തിന്റെ സ്കെച്ചും പ്ലാനും എൻജിനീയറെയും കാണിച്ചിരിക്കണം.
പിന്നെ ബ്ലൂപ്രിന്റും എഞ്ചിനീയറുടെ സർട്ടിഫിക്കറ്റും.
പിന്നെ പാതകത്തിന്റെ കാര്യമായതു കൊണ്ട് വീട്ടിൽ കഞ്ഞി വയ്ക്കാറുണ്ടെന്നുള്ളതിനു പഞ്ചായത്തു മെമ്പറുടെ സർട്ടിഫിക്കറ്റും.
എന്തിനൊക്കെ വീട്ടു പണിയുടെ ആവശ്യത്തിനാ.
വീട്! ഇവനൊക്കെ വല്ല കിടക്കാനില്ലെങ്കിൽ കിടന്നുറങ്ങുന്നതോ?
അപേക്ഷ സമർപ്പിച്ചിട്ടിപ്പം ആറു മാസമായി.
വാഗൺ പുറപ്പെട്ടിട്ടുണ്ട്. ഇതുവരെ എത്തിയിട്ടില്ല.
വാഗണൊക്കെ ഇപ്പം വളഞ്ഞ വഴിക്കാണല്ലോ വരവ്.
പിന്നീട്
ധൃതി വച്ചതു കൊണ്ടായില്ല. സിമന്റു വരുന്നതു പത്രത്തീന്നറിയാം.
കാണുന്നതൊന്നും ഞങ്ങള് വാങ്ങിക്കാറില്ല.
നമ്മള് സിമിന്റിനപേക്ഷിച്ചിട്ടുണ്ട്. നീ ചെന്ന് ഒപ്പിട്ടു മേടിച്ചോണം.
അവൻ വെറും മൈനറല്ലേ?
സിമന്റു വരുമ്പം അവൻ മേജറാകും.
TOMS



എന്തിനാ ഭിക്ഷ യാചിക്കുന്നത്? ഈ സർക്കാരു വാർദ്ധക്യകാല പെൻഷൻ കൊടുക്കുന്നുണ്ട്.
പിച്ചയ്ക്കു വന്നതല്ല സാർ
ഇവിടല്ല. പഞ്ചായത്ത് എക്സിക്യൂട്ടീവ് ആഫീസറെ സമീപിക്കണം
ചട്ടിക്കകത്തു വല്ലതും ഉണ്ടോന്നു നോക്കിക്കേ
അതിന്റെ വഴികളൊക്കെ മുമ്പേ സാറാണു പറഞ്ഞു തന്നേ.
വയസ്സാണൊന്നുമില്ല. 1963 ലെ 136-ാം ലക്കം 7-ാം വാല്യം ഗസറ്റു നോക്കിയാൽ മതി.
പഞ്ചാ. ആഫീസർ
വരുമാന സർട്ടിഫിക്കേറ്റും ഈ താലൂക്കിലപേക്ഷിക്കണം.
വില്ലേജ് ആഫീസർ
ഇനി മക്കളില്ലെന്നുള്ളതിനും ജോലി ചെയ്യാൻ നിവൃത്തിയില്ലെന്നുള്ളതിനും സർട്ടിഫിക്കറ്റു വേണം.
മേലിൽ മക്കളുണ്ടാവാൻ സാദ്ധ്യത ഇല്ലെന്നുള്ളതിനു കൂടി ഡോക്ടറുടെ സർട്ടിഫിക്കറ്റ്.
കാലം ഇത്രയും ആയ നിലയ്ക്ക് ഇയാൾ ഇപ്പോഴും ജീവിച്ചിരിക്കുന്നു എന്നതിനു സർട്ടിഫിക്കറ്റും രണ്ടു സാക്ഷികളും.
അപേക്ഷ സമർപ്പിച്ച് നിശ്ചിത സമയത്തിനുള്ളിൽ … ഉത്തരവു വേണം.
SHOP
എൻക്വയറിക്കു വരുന്നെന്ന്.
എനിക്കാ അപേക്ഷകനെ നേരിട്ടൊന്നു കാണണം.
വരണോ
… നേരിട്ടു കണ്ടോളൂ.
ഏതായാലും നടപടികൾ ഇവർ തുടങ്ങട്ടെ. അദ്ദേഹം പുനർജന്മം ഉണ്ടെന്നു വിശ്വസിക്കുന്നയാളാ.
TOMS




രണ്ടു പണിക്കാരെ വേണം. എല്ലാ പണീം അറിയണം.
ശബരിമലയ്ക്കു പോകുന്നുണ്ട്.
'ദൈവമില്ല' എന്നൊരു പുസ്തകം എഴുതീട്ടുണ്ട്. അതിന് അക്കാദമി അവാർഡു കിട്ടാൻ
ആശുപത്രീടെ കോൺട്രാക്റ്റു പണി നടക്കുവാ. പണിക്കാരില്ല.
ഇവരു പട്ടാളത്തിലാരുന്നു എല്ലാപ്പണീം അറിയാം.
കെട്ടിടം പണി അപകടം പിടിച്ചതാ എന്തു വന്നാലും ഞാൻ പിറകിലുണ്ടാവും.
സാറെപ്പോഴും പിറകിലുണ്ടെങ്കിൽ ഞങ്ങള് പണിയ്ക്കില്ല.
ഇവിടെ പണിക്കാർക്കും പണിയെടുപ്പിക്കുന്നവർക്കും അപകട ഇൻഷ്വറൻസുണ്ട്.
അതു നന്നായി!
എന്തു നന്നായെന്നാടോ?
അപകട ഇൻഷ്വറൻസുള്ളതു്.
കപ്പി വഴി സിമന്റു കൂട്ടിയതിനി മുകളിൽ കൊടുക്കണം.
കയറു വരുന്നുണ്ട്.
വലിച്ചു പൊക്കു്.
സൂപ്രണ്ടിങ്ങ് എഞ്ചിനീയർ ഇൻസ്പെക്ഷനു വരുന്നു.
വലി. മൂന്നു നില വരെയേ ആയുള്ളൂ.
ഇന്നലെ കണ്ടില്ലല്ലോ?
എഞ്ചിനീരു ഇൻസ്പെക്ഷനു വന്നതു കൊണ്ട് ഇന്നലെ അവർ ഡ്യൂട്ടിയാരുന്നു.




കടന്നൽ കൂടിളകി!
ആവൂ!!
പെട്ടെന്നു സെററാകുന്ന സിമിൻറാ ഉടനെ എന്തേലും ചെയ്യ്!
മന്ത്രി വരുന്നു. ക്രയിൻ പുറകോട്ടു മാററി വിടണം.
എല്ലാപ്പണീം അറിയാമെന്നു ഞാൻ പറഞ്ഞും പോയി.
ഭാഗ്യം! ഏതാണ്ടൊരു ബട്ടണമർത്തിയപ്പം സ്റ്റാർട്ടായി!!
ഇതു കഴിഞ്ഞ് മന്ത്രി പ്രളയ ബാധിത പ്രദേശത്തിൻെറ ഏരിയൽ വ്യൂ കാണും.
കെട്ടിടം പണി പൂർത്തിയാകാറായി സർ.
പുറകോട്ടു മാറുന്ന് ലിവറ് ഇതാരിക്കും.
പടിഞ്ഞാട്ടു നോക്കൂ. പ്രളയത്തിൻെറ ഏരിയൽ വ്യൂ കാണണം.
വേദനാജനകമെന്നു തീർത്തും പറയാം.


ഹോട്ടലിലെ ആഹാരത്തിൽ എലി ചത്തു കിടന്നെന്ന്!
എലിയാ ആഹാരം കഴിച്ചു കാണും.
മകൾക്കൊരു ചെക്കനെ കാണാൻ ചേട്ടനും കൂടി വരണം.
പോകുന്ന സ്ഥലത്തു ഹോട്ടലൊന്നുമില്ല. പച്ചവെള്ളം കിട്ടുകേല!
എനിക്കു പറ്റുകേല പൊതിച്ചോറു കെട്ടാൻ
തിരുവാരണമാ!
തിരുവാഭരണം. ഇപ്പം മനസിലായോ
ഇപ്പം കല്യാണ സീസണാ. പോകുന്ന വഴിവല്ല കല്യാണ വീടും കാണും. കേറിയിരുന്നു തട്ടിക്കോ. ആരറിയാനാ?
കൊടയെ. ന്തിനാ പൊക്കിക്കാണിക്കുന്നെ?
സർക്കാരു വണ്ടിയാ. കുടയല്ല, കുടലു പൊക്കിക്കാണിച്ചാൽ നിറുത്തുകേല!
വഴി ചോദിച്ചാൽ എന്തേലും ഒന്നു പറഞ്ഞേടാ.
അയാൾക്കു സംസാരശേഷിയില്ല!
എന്നാപ്പിന്നെ അതങ്ങു പറഞ്ഞാൽ പോരാരുന്നോ?
എങ്ങോട്ടു പോകാനാ?
ഇപ്പം കടത്തു വള്ളത്തേലും ടിക്കറ്റു വേണോ?
സർക്കാർ കടത്ത്
അതാ ഒരു കല്യാണ വീട്! വിശന്നിട്ടു വയ്യ!
എന്നോടു ചോദിച്ചാൽ ഞാൻ ചെറുക്കൻ കൂട്ടക്കാരനാണെന്നു പറയും.
തന്നോടു ചോദിച്ചാൽ പെണ്ണിന്റെ കൂട്ടക്കാരനാണെന്നു തട്ടിക്കോണം.


ഹായ്! സാറാസ് സാമ്പാറിന്റെ മണം! നല്ല നായന്മാരുടെ കല്യാണാ!!
മനസ്സിലായില്ല.
ഞാൻ പെണ്ണിന്റെ കൂട്ടക്കാരനാ.
ഞാൻ ചെറുക്കന്റെ കൂട്ടം. അതായത് കെട്ടാൻ പോണ ചെക്കന്റെ അമ്മേടെ അനിയത്തീടെ....
ഒലക്ക ഒന്നു തന്നേ. ഇപ്പം തരാം.
എന്റച്ഛൻ മരിച്ചതിന്റെ പതിനാറടിയന്തിരാടാ!
Toms


ദൈവം ഈ ഭവനത്തിൽ വസിക്കുന്നു.
എല്ലാ മുറികളിലും പതിക്കണം.
സ്റ്റോറിലും വർക്ക്ഷോപ്പിലും എല്ലാം പതിക്കണം.
ഞാൻ സത്യവും വെളിച്ചവും ആകുന്നു.
വേലക്കാരിയെ കാണുന്നില്ല. പെട്ടീം എടുത്തോണ്ടു രാത്രി ലിറങ്ങിപ്പോയി!!
വല്ലതും കൊണ്ടു പോയോ?
കൊണ്ടു പോകാനിവിടെ ഇരിക്കുന്നത് ഒലക്ക!
അവടെ മുറിയിലൊന്നു കേറി നോക്കിക്കേ!
യജമാനൻ നിന്നെ സമീപിക്കും. ഉറക്കമുണർന്നു കാത്തിരിക്കുക.



ഹായ്! സാറാസ് സാമ്പാറിന്റെ മണം! നല്ല നായന്മാരുടെ കല്യാണാ!!
മനസിലാ യില്ല.
ഞാൻ പെണ്ണിന്റെ കൂട്ടക്കാ രനാ.
ഞാൻ ചെറുക്കന്റെ കൂട്ടം. അതായത്തു കെട്ടാൻ പോണ ചെക്കന്റെ അമ്മേടെ അനിയത്തീടെ....
ഒലക്ക ഒന്നു തന്നേ. ഇപ്പം തരാം.
എന്റമ്മരൻ മരിച്ചതിന്റെ പതിനാറടിയന്തിരാടാ!
TOMS





ബൈബിൾ സൂക്തങ്ങൾ വാങ്ങി.
ദൈവം ഈ ഭവനത്തിൽ വസിക്കുന്നു.
എളിമയുള്ളവനായ കൊണ്ടാ ഒന്നൊക്കെ ന്നു പറയാഞ്ഞില്ല!
എല്ലാ മുറികളിലും പതിക്കണം.
സ്റ്റോറിലും വർക്കേരിയായിലും എല്ലാം പതിക്കണം.
ഞാൻ സത്യവും വെളിച്ചവുമാകുന്നു.
നിങ്ങളിപ്പിടെ ഭയങ്കര കരിസ്മാറ്റിക്കാ.
വേലക്കാരിയെ കാണുന്നില്ല. പെട്ടീം എടുത്തോണ്ടു രാത്രി ലിറങ്ങിപ്പോയി!!
വല്ലതും കൊണ്ടു പോയോടി?
കൊണ്ടു പോകാനിവിടെ ഇതിക്കുന്നത്. ഒലക്ക!
അവടെ മുറിയിലൊന്നു നോക്കിയേക്കോ!
യജമാനൻ നിന്നെ സഹിയ്ക്കും ഉറക്കമുണർന്നു കാത്തിരിക്കുക.


നമ്മുടെ മകള് പെററെഴുന്നേററു പോകുമ്പം എന്തെല്ലാം കൊടുത്തു വിടണ്ടേ?
അ കൊച്ചിനെയങ്ങു കൊടുത്തു വിട്ടേര്.
ഒരു തട്ടിപ്പുകാരൻ! നോട്ടിരട്ടിപ്പ്!
നോട്ടിരട്ടിപ്പിച്ചു തരാമെന്നു പറഞ്ഞു ചേട്ടനെ പണ്ടു പററിച്ചവനാകും!
പോത്തിനെ കൊടുക്കാനുണ്ടോന്നു ചോദിക്കുന്നു. നിങ്ങളിങ്ങോട്ടൊന്നിറങ്ങി വന്നേ!
കാൽഡിയൻ സിറിയൻ ബാങ്കെവിടാ?
കാലൊടിയൻ ചൊറിയൻ ബാങ്കെന്നാ ഇവിടുത്തുകാരു പറയുക!
ആ ബാങ്കിലേക്കാണു ഞാനും. വാ
ഭവതിയെന്റെ കണ്ണിലെ ഉണ്ണിയാണ്.
എങ്കിൽ ഈ കണ്ണിയെ അല്ലാതെ വേറെ വല്ലോരേം കിട്ടുമോന്നു നോക്കട്ടെ.
CASH
ദീപാ ജൂവലറിടെ ചെക്കുമാറാൻ തന്നു വിട്ടതാ. അവരുടെ കാഷ്യർ ലീവിലാ.
കൂടുതൽ തുകയുള്ളപ്പോൾ നോട്ടിന്റെ നമ്പർ കുറിച്ചോണം. നഷ്ടപ്പെട്ടാലും...
ഞാനെഴുതാം നമ്പരു പറ..!
392170 628172 342196
മതി മുഴുവൻ നമ്പരും വേണമെന്നില്ല.
അങ്ങനെ കാർബൺ പേപ്പർ വച്ച് എഴുതിയ കാരണം ഒരു കോപ്പി എനിക്കും!
മുപ്പതിനായിരം രൂപയോ? സൂക്ഷിക്കണം.
ദീപാജ്വല്ലറി
ആഭരണങ്ങൾ വാങ്ങണം.
പദ്യത്തിന്റെ വൃത്തം എഴുതിയോ? എത്ര മാർക്കു കിട്ടും?
വൃത്തം.


പോകാനൊരുങ്ങുകാണോ? ആഭരണങ്ങടെ പണം തന്നില്ല.
മുപ്പതിനായിരം രൂപാ ഞാൻ തന്നല്ലോ?
ദീപാ ജ്വല്ലറി
തന്നില്ല.
തന്നു, തന്നു തന്നു തന്നു.! പെട്ടീൽ നോക്ക്
എന്താ കാര്യം?
പോലീസിനെ വിളിക്കും.
ഇതാ, എസ്.ഐ. വന്നല്ലോ!
എന്താ കാര്യം?
മുപ്പതിനായിരത്തിന്റെ മൂന്നു കെട്ടാരുന്നു. രണ്ടെണ്ണം ചുവന്ന റബ്ബർ ബാൻറിട്ടത്. ഒരെണ്ണം പച്ച റബ്ബർ ബാൻറും.
നോക്കണം സർ, ഞാൻ പറഞ്ഞ നോട്ടിന്റെ നമ്പരും ശരിയല്ലേന്ന്!
ശരിയാണല്ലോ!
ങേ!!
എവിടെ കിട്ടിയെടാ ഈ കള്ള നോട്ട് വേഗം പറഞ്ഞോ
കേറെടാ വണ്ടിയേല് റാസ്കൽ
ഈശ്വരാ! കള്ളനോട്ടിന് പതിനെട്ടു കൊല്ലം തടവ
സാറെ ഇതെന്റേതല്ല.
സത്യം പറയാം. എന്റെ കയ്യിൽ ഒരു രൂപ പോലും തികച്ചില്ലാരുന്ന്.
ഈ തട്ടിപ്പു തെളിച്ച സാറിനൊരു മോതിരം.
അതാ മോളിക്കു കൊട്ടത്തേരു്.


റയിൽവേ സ്റ്റേഷനിൽ ഒരു കൊടയുള്ള സ്ത്രീയുമായി നമ്മള് സംസാരിച്ചില്ലേ?
പോയി കണ്ടാലോ?
"കൊട"യല്ലടാ, കുടയാ.
വെയിറ്റിങ് റൂമിൽ അവരുടെ കൊട വച്ചു മറന്നു!
അവരങ്ങു മദ്യപ്രദേശത്തിനാ പോയത്.
അവിടെ അപ്പം മുഴുവൻ കുടിയന്മാരായിരിക്കും.
പെണ്ണിന്റെ കുട പെണ്ണിന്
അതങ്ങു പള്ളീൽ പറഞ്ഞാ മതി!
ആ സ്ത്രീ എന്റെ ബന്ധുവാ.
അപ്പം കുട എനിക്കാ
ഏതു വഴി ഓടാ?
ആദാം ഹവ്വായും വഴിക്കാവും.
ആരും തർക്കിക്കേണ്ട. നമുക്കു നറുക്കിട്ടെടുക്കാം.
ഞങ്ങളും അവരെ കണ്ടതാ
ശരി. എല്ലാരും പേരു പറ.
ബാബു
താര
സാലി
ഉണ്ണിക്കുട്ടൻ നറുക്കെടുക്കട്ടെ:
ഹായ്! മോളി ചേച്ചി
ഒന്നു കൂടി ഇട്ടു നോക്കട്ടെ.
ങേ! എല്ലാം മോളി?
TOMS


വക്കീലു വാടക തന്നിട്ട് മൂന്ന് മാസമായി.
എത്ര പറഞ്ഞാലും ഒരു നാണോം ഇല്ല!
എടാ, ഇപ്പം മൂന്ന് മാസ വീട്ടു വാടക തരാനുണ്ട്.
300 രൂപാ! തന്നില്ലെങ്കി വഴിലോട്ടിറക്കി വിടും.
ഇതിയാൻ്റെ വീടല്ലേ? അങ്ങോട്ടു പൂട്ടിയിട്ടാലെന്താ.
ഇതിയാൻ്റെ വീട്ടുകാരത്തിയെ വേണം പൂട്ടിയിടാൻ
വാടക തന്നില്ലെങ്കിൽ കേസു കൊടുക്കും.
എന്നാലതാ കേസ് എനിക്കു താ. വക്കീൽ ഫീസ് വാടകയിനത്തിൽ കിഴിച്ചേക്കാം.
എൻ്റപ്പൻ മൂന്നണ്ടായി തന്ന വീട്!
പിന്നെന്തിനാ അമ്മച്ചിയെ അവിടുന്നിറക്കി വിട്ടത്?
നരകത്തിൽ പോകുന്നവർ വർഷിച്ചു വരും. അതു കൊണ്ട് നിങ്ങൾ പ്രാർത്ഥിക്കണം.
കക്കൂസ് നന്നാക്കാതെ വാടക തരില്ലെന്നു പറയാം.
കക്കൂസു കേടായി കിടക്കുവാ. നന്നാക്കി തരണം.
മൂന്നു മാസത്തെ വാടക കുടിശ്ശിക മുഴുവൻ തീർത്തു തരാമെങ്കിൽ കക്കൂസ് നന്നാക്കി തരാം.
പിടിക്ക്.
ഇതാ 300 രൂപാ!
ശരി. നാളെ കക്കൂസു നന്നാക്കി തരാം.
ഇതിൻ്റെ ക്ലോസറ്റ് എന്തിയേടാ?
ഭൂമി കുലുക്കം വന്നപ്പോ താണു പോയതാ!
ഇത്രേം സംഭവിച്ചപ്പോളല്ലോ ഉത്തരേന്ത്യയിൽ പതിനഞ്ചു ലക്ഷം വീട്ടുകളാ നശിച്ചത്.
ഞങ്ങടെ കക്കൂസിനു പുതിയ ക്ലോസറ്റു വാങ്ങിയിട്ട്.
നിങ്ങടെ പഴയ ക്ലോസറ്റെന്തിയേ?
അതിളക്കി വിറ്റാ വാടക കൊടുത്തത്.
TOMS



എന്തുപറ്റീട്ട്? നല്ല നിലയിൽ ഒരു കമ്പവട്ടമുണ്ടായിരുന്നതാണല്ലോ?
ജോസുകുട്ടി നാലേക്കർ നിലം എന്റെ പേരിൽ വെറുതേ തന്നു.
ദേണ്ടടീ! കുട്ടനാട്ടിൽ നാലേക്കർ നിലം! ആധാരച്ചെലവു പോലും ജോസുകുട്ടിയാ വഹിച്ചത്!
വഹിക്കലാണോ?
നെൽകൃഷി നഷ്ടാ മുതലാളീ. നമുക്ക് നിലം നികത്തി തൈ വയ്ക്കാം.
മീനേം വളർത്താം
കമ്പവട്ടത്തേക്കാൾ ലാഭമാടീ മീൻ വളർത്തൽ. സർക്കാരിന്റെ ലോണും.
നിലമുടമകളെ രാജാക്കന്മാരെന്നാ വിളിക്കുന്നത്. കായൽ രാജാക്കൾ!
തൈ വച്ചത് അവരു തന്നെ പിറ്റേന്നു വെട്ടി നിരത്തി
മീൻ വളർത്തിയത്.. അവരു ബണ്ടും തുറന്നു വിട്ടു.
നമ്മളു നിരത്തും വയലെല്ലാം ...
നിലം തരിശിട്ടാൽ സർക്കാരു കണ്ടുകെട്ടുമെന്ന് കളക്ടറുടെ താക്കീത്!
രാജാവിനേക്കാൾ വല്യതാണോ കളക്ടറ്?
ആഭരണം പണയം വയ്ക്കാം.
വിളഞ്ഞപ്പം കൊയ്യാനാളില്ല!
വെള്ളം പൊങ്ങി വരുന്നു!








ഇവിടേം വെള്ളമില്ല. ഞാനങ്ങോട്ടു വരാനിറങ്ങുവാരുന്നു.
മന്ത്രി സൂഷി കേസ് കോടതിയിൽ!
സൂഷി സൂഷാക്കുന്ന ലക്ഷണമാ.
ഒരുത്തൻ കിണറ്റിൽ ചാടി മരിച്ചെന്ന്.
എങ്കിൽ പട്ടിണികിടന്നാരിക്കും മരിച്ചത്.
വെള്ളം കുടത്തോടെ പിടിച്ചു പറിച്ചു കൊണ്ടു പോയെന്ന്.
പോലീസ്
വെള്ളം വീട്ടിലെത്തിക്കാൻ പോലീസ് പ്രൊട്ടക്ഷൻ തരണം.
ക്യൂ പാലിക്കുക
അടുത്തെവിടെയോ പൈപ്പുണ്ട്, ക്യൂ കണ്ടില്ലേ?
അതങ്ങു രണ്ടു കിലോമീറ്റർ അപ്പുറത്താ.
നമ്മുടെ കിണറ്റിൽ വെള്ളമുണ്ടല്ലോ. പിന്നെന്തിനാ വെള്ളത്തിനു പോണത്?
ഇങ്ങോട്ടാരും വെള്ളത്തിനു വരാതിരിക്കാനാ.
ദാഹിച്ചു മരിച്ചു
പ്ലീസ്, ഒരു കുടം വെള്ളം കടം താ. തിരികെ തരാം.
ഇതു പണയം. വെള്ളം തിരികെ തന്നിട്ട് ടൈംപീസു തന്നാ മതി.
പെട്ടെന്നു തിരികെ തന്നേക്കണം.
വെള്ളം തിരികെ തന്നില്ല!
താമസിയാതെ തരാം.
ഇപ്പം രണ്ടാഴ്ചയായി!
എന്താ പേടിക്കാനാ! പണയമല്ലേ കയ്യിലിരിക്കുന്നത്?
വെള്ളം, തിരികെ തരാൻ വന്നതാ. ഇത്തിരി താമസിച്ചു പോയി.
TOMS



അദ്ധ്യാപക പണിമുടക്കാ!
നിന്റെ തിങ്കളാഴ്ചവ്രതക്കാ ന്ന മുടക്കും ഞാൻ
പണിമുടക്കിലെയമ്പ് ഹണിമൂണിനു പോകാം- വാ.
സകല ഉരുപ്പടികളും ക്ലാസിൽ കയറണം. നാട്ടുകാർ ക്ലാസെടുക്കും.
SCHOOL
കടിപിടി യൂണിയനും പണിമുടക്കിലാണ്.
കെട്ടിപിടി യൂണിയനെന്നാ വിളിച്ചു പറേന്നത്.
ക്ലാസ് സ്റ്റാന്റപ്പ്!
താഴെ നിന്നപ്പോഴല്ലേ സ്റ്റാന്റപ്പ് പറഞ്ഞത്?
ഇന്നു ക്ലാസിൽ വരാത്തവരൊക്കെ കൈ പൊക്കണം.
സംസാരിക്കുന്നവരുടെ നേർക്ക് എസ്മാ പ്രയോഗിക്കും.
മിസൈലാണോ?
പിന്നേം സംസാരിക്കുന്നോ? നിന്റെയൊക്കെ തന്തമാരാരാ?
തന്തമാരരല്ല. നല്ല നായരാ.
വാത്സല്യം എന്ന വാല ലെന്താ?!
വാൽശല്യം എന്നതാ ശരി. വാല് ചില ജന്തുക്കൾക്ക് ശല്യമാ. പട്ടിയെയൊക്കെ വാല് ചിലരു മുറിച്ചു കളയും.
തന്റെ പൂർവികന്മാരും മുറിച്ചു കളഞ്ഞു കാണും!


തേങ്ങാ ഇന്നും മോഷണം പോയി.
എനിക്ക് തെങ്ങു കേറ്റം വശമില്ല. മരത്തേൽ കേറും
നിന്റെ അപ്പനപ്പന്മാരൊക്കെ ഇഷ്ടം മരങ്ങളല്ലേ?
തെങ്ങിന്റെ ചുവട്ടിൽ തളപ്പ് കിടക്കുന്നു.
എങ്കിൽ ഞാനല്ല. എനിക്ക് തളപ്പ് വേണ്ട!
ഒരു പണിയുണ്ട്. കരിക്കായിട്ട് കച്ചവടം നടത്താം.
പരവനെ വിളിച്ചു കരിക്കായി വെട്ടിയിറക്കാം.
കൈ മുറുക്കെ പിടിച്ചോണം. താഴെ വീഴരുത്.
ഞാൻ പതിനെട്ടു വയസിൽ കയറ്റം തുടങ്ങിയതാ.
നിന്റെ കാര്യമല്ല, കരിക്ക്.
കരിക്ക്
കടം തരുമോന്നോ? വേറെ വല്ല പണീം നോക്ക്.
വെട്ടണം
വെട്ടുകൊല വെട്ടിക്കും
കർത്താവു പറഞ്ഞിട്ടുണ്ട്. ദാഹിക്കുന്നവന് കുടിക്കാൻ കൊടുക്കണമെന്ന്
അന്യന്റെ വസ്തുക്കളാഗ്രഹിക്കരുതെന്നും പറഞ്ഞിട്ടുണ്ട്.
ആവൂ! കൈ മുറിഞ്ഞു. മരുന്ന് വച്ചു കെട്ടി ഉടനെ വരാം.
അതുവരെ ബോബനയിൽക്കാമോടാ?
കരിക്ക് നാലു രൂപാ മാത്രം.
നാല് നാല് നാല്


400 രൂപാ കാണണ്ടതാ. മുന്നൂററിനാലെ യുള്ളൂ.
രൂപേടെ മൂല്യം കുറഞ്ഞ താവും കാരണം.
കരിക്കിൽ കുറവു വന്നി ട്ടുണ്ടടാ!!
അരമ്പാക്കു കുരുമുളകുന്ന അധിയമും കാർസ്പാക്കെ ഉണ്ടായിരുന്നുള്ളൂ. തേങ്ങാ വെയിലത്തല്ലേ കിടന്നെ?
ഉണക്കിയപ്പം കുറഞ്ഞതാവും.
അവിടെ വേറാരോ കരിക്ക വില്ക്കു ന്നല്ലോടാ?
കരിക്ക്... കരിക്ക്...
അളു സമരക്കാരു ബസ് കരിക്കാൻ വരേവാ. ഓടിക്കോ...
കരിക്ക്... കരിക്ക്..
TOMS



100
കാർട്ടൂണുകൾ
വില 30 രൂപ.
ബോബനും മോളിയും 100 കാർട്ടൂണുകൾ അവധിക്കാല പ്രചരണ പതിപ്പ് ചോദിച്ചുവാങ്ങുക
ഒറ്റ പ്രതി തപാലിൽ ലഭിക്കേണ്ടവർ 30 രൂപ .m.o അയക്കുക
വിലാസം : ടോംസ് പബ്ലിക്കേഷൻസ്, എസ്.എച്ച്.മൗണ്ട് പി.ഒ., കോട്ടയം-6.


ബസ് സമരം.
എന്നു കണ്ട് കല്യാണത്തിനു പോകാണ്ടിരിക്കാൻ പറ്റ്വോ?
റോഡു നന്നാക്കാൻ തുടങ്ങിയെന്നോ? റോഡെന്നു പറയാതെ.. നടവഴി!
അപ്പന്റെ പതിനാറടിയന്തിരം മാറ്റി വച്ചു. ബസ് സമരം തീരുന്ന മുറയ്ക്ക് ആണ്ടുചാത്തം നടത്താം.
അമ്മച്ചിയെ ആസ്പത്രിയിലാക്കിയേ. ജൂ മോടെ സഞ്ചി എടുത്തോണ്ടു ഞാൻ വരാം.
ഒരു ജീപ്പേൽ വന്നിറങ്ങിയ ആളാ!
ബാക്കി പേരൊക്കെ വഴിക്കിറങ്ങി.
ഭ്രാന്താശുപത്രീന്നല്ല! ജീപ്പേൽ വന്ന സ്ത്രീയാ.
മൂന്നു വർഷം മുൻപ് ഒരു പഴവണ്ടിയിൽ ആരംഭിച്ച സർവ്വീസാ. ഇപ്പം പതിനൊന്നു ബസ്സുണ്ട്. ഇപ്പഴും നഷ്ടത്തിലാ.
ഡോക്ടർ പറഞ്ഞിട്ടുണ്ട് നടക്കണമെന്ന്.
ആശുപത്രി ക്കൂറം നീ നടക്കേല
ബസ് സർക്കാർ പിടിച്ചെടുക്കുന്നതിനു മുൻപ് എഞ്ചിനെടുത്തു മാറ്റ്. ഓടിക്കുന്നെ കാണട്ടെ.
രാവിലെ തുടങ്ങിയ നടപ്പാ. ഇത്തിരി വെള്ളം...
കാലിനൊരു കുഴപ്പോമുണ്ടായിട്ടല്ല.
അടിയന്തര നടപടിയെന്ന നിലയിൽ റോഡിന്റെ ഇരുവശങ്ങളിലും തണൽ വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കാൻ മന്ത്രി വരുന്നു.
പല്ലു മുഴുവൻ എടുത്ത നിലയ്ക്ക് ഇനിയാരും എടുക്കുകേലല്ലോ!
ജനം പെരുവഴിയിൽ നട്ടം തിരിയുന്നു. ബസ് ഉടമകൾ എ.സി. കാറിൽ
എഞ്ചിനില്ലാതെം ഓട്ടും. വലിയെടാ.
മന്ത്രി എല്ലാത്തരം മരങ്ങളും നട്ടു!
ഒരു മരം കൂടി വേണം, കഴുക്കുമരം!
TOMS


ഈ ബ്ലേഡിന് തീരെ മൂർച്ചയില്ല!
എന്നിട്ടല്ലോ കൊണ്ടു ഞങ്ങളു പെൻസില് വെട്ടീട്ടു നല്ല മൂർച്ചയാരുന്നല്ലോ?
നിങ്ങൾക്കൊരു പെൻസില് വെട്ടി മേടിക്കാൻ മേലാരുന്നോ?
പെൻസില് വെട്ടിക്കൊടുക്കുവേല.
ഇവിടെ പെൻസില് വെട്ടാനൊരു പിച്ചാത്തിയുണ്ടല്ലോ?
കോടാലി കൊണ്ടു വെട്ടടീ!
പോസ്റ്റ്!
എഴുതാതെ നിക്കാരി. ക്കും.
നിനക്കൊക്കെ മരങ്ങോട നാടീ എഴുത്തയക്കാനിരിക്കുന്നായ്?
പണ്ടൊരു മരങ്ങോട നുണ്ടാരുന്നു.
എനിക്കു കണ്ണാടിയില്ലാതെ വായിക്കാൻ മേല. വായിച്ചേടീ!
...അമ്മാവൻ വാതം വന്നു തളർന്നു കിടക്കുകയാണ്. അമ്മയ്ക്കാണെങ്കിൽ....
വല്ല സഹായത്തിനുമാകും. അവസാന ഭാഗം വായിച്ചേ അറിയാം.
അളിയൻ കൊണ്ടു മൂന്നു കൊല്ലം മുമ്പ് കടം വാങ്ങിയ മൂവായിരം രൂപാ...
..........
അടുത്ത കത്തു വായിച്ചേ...
ഇതു സെൻട്രൽ ജയിലീന്നാ.
എന്നാ കക്ഷികളാരാണ്ടും അയച്ചതാ.
അവന് പരോളിലിറങ്ങി വരുന്നെന്ന്.
കേസിൽ വക്കീലു മറുകക്ഷി ചേർന്നത്രേ?! കൊലപ്പുള്ളിയാ!
?
ഞാൻ ഭാരത പര്യടനത്തിന് പോവുന്നു പറഞ്ഞേക്ക്.
അതിന് പണമെവിടാ?
കാത് നട.
ശങ്കരാചാര്യരു ഭാരത പര്യടനം നടത്തിയത് നടന്നാരുന്നു.
അപ്പം അങ്ങേരും വക്കീലാരുന്നോ?



ഇന്റർവ്യൂന് പോയിട്ടു വാ. ഉത്തരം മു-ട്ടാതെ നോക്കണം.
കുനിഞ്ഞു കേറിയാൽ മതിയെടാ. മുട്ടുകേല!
ഖാദർക്കാന്റെ ബസു വിൽക്കാൻ പോകുവാ. വല്യ പാമ്പു വർക്കില്ല. നല്ല കണ്ടീഷൻ!
പണിയെല്ലാം കഴിഞ്ഞതാ. പുത്തൻ ടയറാ. ഒന്നു കണ്ടുകള!
നിന്റെ ചുണ്ടത്തു സിഗററു മണക്കണ നല്ലോ?
നിങ്ങടെ കൂട്ടുകാരനിതും ഇവിടെ വന്നോണ്ടു പോയി.
ചേട്ടൻ ബസ്സു മേടിച്ചു.
എന്തടോ ഇത്?!
സ്റ്റെപ്പിനിയാ.
എന്നെ കിളിയാക്കണം. ശമ്പളമൊന്നും വേണ്ട.
വണ്ടി ഞങ്ങളു തേച്ചു കഴുകാം.
വേണ്ട. നീ ഞങ്ങളേം തേച്ചു കഴുകും!
അതൊരു വമ്പു മാററമാരുന്നു. എന്റെ കാളവണ്ടീം അൻപതിനായിരോം കൊടുത്തു.
ഡ്രാഫ്റ്റെടുത്തു കൊടുക്കണോന്ന് എങ്ങനാത്?
പണം ബാങ്കിലടച്ചു ഡ്രാഫ്റ്ററാക്കി തരാൻ പറയണം.
പണമടച്ചതു ശരി-
ക്കിലെ സാധുവാണു
DRAFT
എനിക്കു സാധു ആകേണ്ട. ആവശ്യത്തിനു പണമുള്ളവനാ ഞാൻ!
ഞാനാ കണ്ടക്ടറ്!
റൂട്ടു കിട്ടി. തോന്ന്യാസക്കടത്തിനും താന്തോന്നിക്കടത്തിനും ഇടയ്ക്കുള്ള 12 കിലോമീററിൽ ഷട്ടിൽ സർവ്വീസ്. നാളെ മന്ത്രി ഉൽഘാടനം!
കൊള്ളേല്ലാത്ത റൂട്ടിൽ പണി കിട്ടീട്ടെന്താ കാര്യം?
തള്ളിയാ ഉൽഘാടനം.
പററിയ മന്ത്രി തന്നാ. മന്ത്രിസഭേൽ കേറിയതും തള്ളിയല്ലേ?


12 കിലോമീറ്ററിന് മൂന്നു തരം ടിക്കറ്റുകളാ. 10 രൂപ, 5 രൂപ 1 രൂപ.
മനസിലായില്ല. ഒരേ ദൂരത്തിന് മൂന്നു തരം ടിക്കറ്റോ?
പകുതി ദൂരം ചെല്ലുമ്പം വണ്ടി കേടാകും.
ഒരു രൂപാ ടിക്കറ്റുകാരെല്ലാം ഇറങ്ങി തള്ളണം.
അഞ്ചു രൂപാ ടിക്കറ്റുകാരിറങ്ങി വണ്ടിയ്ക്കൊപ്പം നടക്കണം.
പത്തു രൂപാ ടിക്കറ്റുകാർക്കു ബസിലിരിക്കാം.
TOMS



ഇന്ത്യ വിക്ഷേപിച്ച റോക്കറ്റു പിന്നേം കടലിൽ ചാടിയെന്ന്
റോക്കറ്റു വിട്ടന്നെന്നു പത്രത്തിലില്ലാരുന്നല്ലോ?
ഉണ്ടാരുന്നു. മീൻ പിടുത്തക്കാരു കടലിലിറങ്ങരുതെന്നു വായിച്ചില്ലാരുന്നോ?
എന്നാപ്പിന്നെ ഇന്ധനം ലാഭിക്കാൻ വേറൊരു പണിയുണ്ട്
അതെന്തുവാ?
വിമാനത്തേൽ കേറി മുകളിൽ കൊണ്ടുചെന്നിട്ട് കടലിലേയ്ക്കിട്ടേക്കണം.
പക്ഷേ മുകളിലേക്കല്ലേ പോകേണ്ടത്?
വേറൊരു പണിയൊന്നു നോക്കാവുന്നതാ.
മുകളിൽ കൊണ്ടുപോയി താഴേയ്ക്കു വിക്ഷേപിക്കണം.
അപ്പം മുകളിലേക്കു പൊയ്ക്കോളും.
TOMS


ഒരു ചക്ക കാക്ക കൊത്തുന്നു. ആണല്ലേ, ഒന്ന് കേറിയിട്ടാലെന്താ?
അതെനിക്കിട്ടൊരു കൊത്താണല്ലോ?!
ആണുങ്ങളെക്കൊണ്ട് കൊള്ളുകേലെങ്കി പറഞ്ഞേര് ഞാൻ കേറി ഇടാം.
ഇവള് കൊമ്പാക്കുകാണല്ലോ?
ആണുങ്ങളെ കളിയാക്കിയാൽ എന്റെ രക്തം തിളയ്ക്കും.
രക്തമുണ്ടായിട്ടു വേണ്ടേ തിളയ്ക്കാൻ!
എന്നാൽ ചുണയുണ്ടെങ്കിലൊന്നിട് കാണട്ടെ!
എന്നാലൊന്നല്ല, പത്തെണ്ണമിടും.
എടാ പിള്ളേരെ, നിങ്ങളൂടങ്ങോട്ടു ചെല്ല് - നല്ലപിഴ.
ചക്ക താഴെയിടരുത്. കെട്ടിയെടുക്കണം.
നിന്നെ ഇങ്ങോട്ടു കെട്ടിയെടുത്ത പോലെ!
അമ്മേ അങ്ങോട്ടൊന്നോടി വരാൻ.
ചതിച്ചോ! ചക്ക താഴെയിട്ടു കാണും!
ചക്കയ്ക്കു പകരം എന്റെ അരേലാ കെട്ടിയെ!
ഭാഗ്യം!, കഴുത്തേൽ കെട്ടീല്ലല്ലോ.



നേരം വെളുത്തിട്ടു നെറ്റിയേൽ കുരിശു വരച്ചോടാ?
അതിനു നേരം വെളുത്തില്ലല്ലോ! സന്ധ്യയായല്ലേ ഉള്ളൂ.
വാ. ചേരേ ഇരി.
ചേരേക്കേറിയിരുന്നാൽ പൊക്കയടിക്കും.
മുട്ടു കുത്തെടാ!
മുട്ടു കുത്തെടാ.
സർക്കാരിന്റെ മുന്നിൽ മുട്ടു കുത്തീട്ടില്ല.
അടുത്തിരിയെടാ.
പള്ളിവച്ച് ജോണിനെ അടിച്ചതു ക്ഷമിക്കണോന്നു കർത്താവിനോടപേക്ഷിക്കണം.
കർത്താവു ചാട്ടവാറിനാ അടിച്ചത്?
ഇനി അടുത്തിരുന്നില്ലെന്നു വേണ്ട.
പ്രാർത്ഥന ചൊല്ലടീ.
...അങ്ങയുടെ അരൂപിയിൽ ഞങ്ങളെ കാത്തു കൊള്ളേണമേ...
ദുഷ്ടരൂപികളിൽ നിന്നും ഞങ്ങളെ അകറ്റേണമേ...!
എങ്ങോട്ടാടാ?
എന്താടാ ദൂരെപ്പോയി ഇരിക്കുന്നത്?
ദുഷ്ടരൂപികളിൽ നിന്നും അകറ്റണേന്നല്ലേ?
TOMS


അതാ, ആ തെണ്ടി ചെറുക്കന് ഒരു കവറു വഴിക്കു കിടന്നു കിട്ടി!
MUNICIPAL
പതിനായിരം രൂപയുടെ ബോണ്ട്! ആരുടെയോ കൈമോശം വന്നതാ!
ഞാനിത്തരം ഷീറ്റ് ഒരു രസത്തിനു വേണ്ടി ശേഖരിക്കുന്നുണ്ട്. ഇതാ 50 രൂപാ.
ഇതു ബാങ്കിലെ സ്ഥിര നിക്ഷേപത്തിന്റെ രസീതാ.
ഉടമസ്ഥനെ കണ്ടുപിടിച്ചു കൊടുത്താൽ അഞ്ഞൂറെങ്കിലും തരുമെടാ.
ഇതാ, വീട്.
വർഗീസ് ചാണ്ടി എന്റെ ഭർത്താവാ!
രസീതാണല്ലോ!
?
വീതം...
TOMS


അടി! ഒരു KSU ക്കാരന്റെ നിഴലേൽ ഒരു SFI ക്കാരൻ ചവിട്ടി.
രണ്ടു കൂട്ടരും കൂടി ആകെ 12 ബസ് തകർത്തു
എറിഞ്ഞു തകർക്കെടാ.
വന്യമൃഗങ്ങളെ സംരക്ഷിക്കണമെന്നു മന്ത്രി.
അടുത്ത ബസ് വരുന്നു.
ബസ്സു കത്തിക്കുന്നതു നല്ലതല്ലെന്നു മന്ത്രി.
നമ്മുടെ പഞ്ചായത്തിലും ജനങ്ങൾ രാഷ്ട്രീയ പ്രബുദ്ധരായി മാറിയിട്ടുണ്ട്.
അപ്പം ഇവിടേം കൊലപാതകമോ?
STATION MASTER
പകരം SFI ക്കാരന്റെ നിഴലേൽ ഒരു KSU ക്കാരൻ ചവിട്ടി
ബസ്സു കത്തീരടാ
ആവശ്യത്തിനു ബസ് ഇല്ലാത്തതിനാ ഇന്നു സമരം.
...ഈ വർഷം 34 ബസ്സുകൾ കത്തിക്കുകയും 873 ബസ്സുകൾ എറിഞ്ഞു തകർക്കുകയും നാനൂറിലധികം ഭാഗികമായി.....
എന്നാപ്പിന്നെ നിയമം മൂലം ഇതങ്ങു നിരോധിക്കരുതോ
അപ്പം പിന്നെ നാളെ നാട. മുറിക്കാൻ മന്ത്രിമാരു വേണ്ടേ?
നാട്ടുമുടിക്കാനെന്നു പറ
TOMS


നീ ചെമ്പുകലം വാങ്ങാൻ പോണില്ലേ ?
ഒരുങ്ങട്ടെ
കണ്ണെഴുതി പൊട്ടു തൊട്ടു മോടിയായോടീ?
മോടിയാകണമെങ്കിൽ "മോഡി" തന്നെ വരണം
ചെമ്പുകലം നിങ്ങള് തന്നെ പോയി വാങ്ങിയിട്ടുവാ.
കിഴുത്തയുണ്ടോന്നു നോക്കിയേ വാങ്ങാവൂ
കിലോയ്ക്ക് 18 രൂപയാണ വില
കിഴുത്തയുണ്ടോന്ന് അങ്ങനെ നോക്കിയാൽ കാണൂല്ല. അകത്തു കൂടി നോക്കണം.
ഒന്നും സംശയിക്കണ്ട
ഒന്നു കൂടി നല്ലവണ്ണം നോക്കിക്കോട്ടെ
കർത്താവേ തലയൂരാൻ മേല
കിലോയ്ക്ക് 18 രൂപാ ചെമ്പിന്. പണിക്കൂലി 10 രൂ. വേറെ
പിന്നെ 12 രൂ സർചാർജും നാലു രൂപാ എസ്.റ്റി.-യും
പിന്നെ ആറു രൂപാ എക്സൈസ് ഡ്യൂട്ടിയും......
നാല്പതാമ്... നാല്പത്തിരണ്ട്...
വീട്ടിൽ ചെന്നു കൊല്ലനെ വിളിച്ചു മുറിക്കാം
അതാ, സത്യാഗ്രഹികളെ പോലീസ് ലാത്തിച്ചാർജ്ജ് നടത്തുന്നു!!
പോലീസ്.. പോലീസ്..
ഢും.
ചൂലേ, എമ്മാന്റെ നെഞ്ചു പൊളിഞ്ഞല്ലോടാ
എടീ അല്പം കിഴുത്തയുള്ളതാണോന്നാ സംശയം!!
TOMS


ആട്ടു വളർത്തലാണോ? കൊള്ളാം വല്ലതും ഒരു തൊഴിലുണ്ടെങ്കിൽ അതന്നെ നീയൊക്കെ നേരെയാകും.
അടച്ചിരിയ്ക്കുകയല്ലേ എന്തെങ്കിലും ഒരു തൊഴിലാകട്ടെന്നു കരുതി.
ഇന്നലെ ഞാനും ഒരു പുതിയ ആടിനെ മേടിച്ചു
അപ്പോൾ നമ്മളു രണ്ടു കൂട്ടരും നേരെയാകാൻ പോകയാണല്ലോ?
ചേട്ടൻ മേടിച്ച ആടിനെ ഒന്നു കാണിയ്ക്കാമോ?
ഞാനാണെങ്കിൽ പൊന്നു പോലാ ഇതിനെ കരുതിയിരിയ്ക്കുന്നത്
ചേട്ടാ ആട്ടു കള്ളന്മാരും കോഴി കള്ളന്മാരുമൊക്കെ ഇറങ്ങിയിട്ടുള്ള കാലമാ സൂക്ഷിച്ചോണം.
മറിയേടെ വന്നു കോഴിയേയാ മിനിയാന്ന് കട്ടോണ്ടു പോയി
നീ പോടാ. കോട്ട പോലാ ഞാൻ ചുറ്റും മതിലു കെട്ടി വച്ചിരിയ്ക്കുന്നത്
കോട്ടയും കൊത്തളവും ഉള്ളതു കൊള്ളാം പക്ഷേ നമ്മളു സൂക്ഷിക്കാനുള്ളതു സൂക്ഷിച്ചോണം.
മാളികേലെ പാപ്പീടെ ആടിനെ ഇന്നലെ കണ്ടില്ല.
ഇരുമ്പു താഴിട്ടാ ഞാൻ ഗയിറു പൂട്ടുന്നത്. കൊണ്ടു പോകാൻ ചോണയുള്ളവനുണ്ടെങ്കിൽ ഒരു സമ്മാനം കൂടി കൊടുക്കാം.
ചേട്ടന്റെ വളപ്പിനകത്തു നല്ല തീറ്റിയുണ്ടല്ലോ ഞങ്ങടെ കറമ്പിയാടിനെ കെട്ടിയൊന്നു തീറ്റിയ്ക്കോട്ടെ?
ചേട്ടാ, ഞങ്ങടെ ആടിനെ അകത്തൊന്നു കയറ്റുന്നു. തീറ്റിയേച്ച് ഉടനെ കൊണ്ടു പോയ്ക്കോളാം.
ഞാൻ വന്നിട്ടേ കൊണ്ടു പോകാവൂ
കളിമുറി
ഞങ്ങളു പോണു... ചേട്ടനേ! ആട്ടിനെ സൂക്ഷിച്ചോണം ആരും കട്ടോണ്ടു പോകരുത്
നീ പോടീ.. അതിനിവിടെ ആൺ പിള്ളേരാരും വളർന്നിട്ടില്ല
ചതിച്ചോ?!
പക്ഷേ പെൺപിള്ളേരു വളർന്നിട്ടുണ്ട്
TOMS



ഒരു സംഭവ കഥ
S.K. നായരുടെ മലയാളനാട് രാഷ്ട്രീയ വാരികയുടെ ഉൽഘാടനം.
ഉൽഘാടകൻ വിശ്വസാഹിത്യകാരൻ
കവർ കാർട്ടൂൺ എന്റേത്.
എല്ലാം കഴിഞ്ഞ് ഒരു നേരം പോക്ക്.
സ്ഥലം നീലാ ഹോട്ടൽ
മലയാളനാട്
അദ്ദേഹം ബാത്ത് റൂമിലേക്ക്
തോപ്പിൽ ഭാസി പറഞ്ഞു:
നമുക്കങ്ങനെ ഒരോരുത്തരു ചെലവു ചെയ്യിക്കണം.
ഛെ! എന്റെ വക അര പെഗ്ഗോ? നാണമില്ലേ?
വീട്ടിലേക്കു വാ ശരിക്കൊന്നു കൂടാം.
ശങ്കരൻ കുട്ടി പറഞ്ഞു:
ചുമ്മാതാ
അദ്ദേഹം രാത്രി തന്നെ തിരിച്ചു പോയി.
എങ്കിൽ ഞങ്ങൾ നാളെത്തന്നെ വരും
വന്നോളൂ
ഞങ്ങൾ തകഴിക്കു പോകാൻ തീരുമാനിച്ചു.
S.K. നായരുടെ വാഹനത്തിൽ മറ്റൊരു നേരം പോക്കിന്
തികയാതെ വന്നെങ്കിലോ? വീട്ടിൽ നിന്നും പുറപ്പെട്ടപ്പോൾ S.K. രണ്ടു ഫോറിൻ കൂടി കരുതി.
നീണ്ടകരയിൽ വന്നപ്പോൾ-
ഒരു ചടങ്ങിനു പോകുന്നതല്ലേ ക്ലീനായിക്കോട്ടെ!
ഭാഗ്യം! അദ്ദേഹം പുറപ്പെട്ടു കഴിഞ്ഞിരുന്നില്ല!
ഞങ്ങൾ കോലായിലേക്ക്..
.. ഡ്രൈവർ അടുക്കളയിലേക്കും.


ഇതൊന്നും ആവശ്യമില്ലായിരുന്നല്ലോ.
ആവൂ! ഇപ്പം വേണ്ടത്ര കരുതിയിരിക്കുന്നു!
സംസാരം നീണ്ടു നീണ്ട് മണിക്കൂറൊന്ന്!
അകത്തൊരു പാത്രം പോലും കിട്ടുന്നില്ല
അവസാനം S.K. ചോദിച്ചു:
എന്താ ആശാനെ അകത്തനക്കമൊന്നുമില്ലല്ലോ?
അവർക്കു സുഖമില്ല. 'കല്പകവാടി'യിലേയ്ക്കു പോരെയ്ക്കാം. സ്ററാററാ!
വന്ന വാഹനത്തിൽ തന്നെ.
HOTEL
കല്പകവാടി
THOTTAPPALLY
ഏറെയായിട്ടും വെയിറ്ററെ കാണുന്നില്ല.
വരാന്തയിൽ വിശ്വപ്രതിഭയുടെ അട്ടഹാസം!!
എടാ, ശുംഭാ എനിക്കു പുല്ലാ.. പുല്ല്... പുല്ല്...
എടാ, എന്റെ ചെമ്മീൻ ഇപ്പം പതിനഞ്ചു ഭാഷയിൽ വന്നു. ഇരുപതു ഭാഷയിൽ ഇപ്പം അച്ചടി നടക്കുവാ...
തനിക്കറിയാമോ ഇവരൊക്കെ ആരാന്നു.
കള്ളുവണ്ടി മുതലാളി, S.K. നായർ, തോപ്പിൽ ഭാസി, ശങ്കരൻകുട്ടി, ടോംസ്....
ഇവരു് എനിക്കു കൊണ്ടുവന്ന കാഴ്ചകൾ എന്തൊക്കെയാണെന്നോ?
ഒരു മാറു നീളത്തിൽ രണ്ടു മത്സ്യം
പിന്നെ രണ്ടു കുപ്പി ഫോറിൻ വേറെ...
താനതുണ്ടോ ശുംഭാ കണ്ടിട്ടുള്ളൂ?!
S.K. കാര്യം തിരക്കി
എന്താ സാറേ?
സർ, മൂന്നുകൊല്ലം മുൻപുള്ള മുൻപറ്റു തീർക്കാതെ ഇനി പറ്റു തരികേലെന്നു പറഞ്ഞതു തെറ്റാണോ?
ഇതു എത്ര വരും?
അറുന്നൂറ്റി എഴുപത്
ഞങ്ങളിപ്പം കഴിക്കാൻ പോണതിന്റെ ബില്ല് തരുമ്പം.....
S.K. പറഞ്ഞു
അതിനിടയിൽ 670 കൂടി ചേർത്തു കൂട്ടി ഇങ്ങോട്ടു തന്നേര്. ഓക്കെ?
TOMS



കാലണ ഞാൻ തരികേല. നിങ്ങടെ ചെലവിന് നല്ല കാര്യങ്ങളിലും ഉണ്ടോ
ചാരനിറവും കാലു നാലും കറുത്ത തലയുമായി ഒരു പട്ടി കാണാതെ പോയി. തക്ക പ്രതിഫലം കൊടുക്കും.
നമുക്കൊന്നു തപ്പാമെടാ.
പട്ടിയെ തപ്പി പോകുന്നതല്ലേ. ഒരു നല്ല വടി ഇരിക്കട്ടെ.
ശരിയാ. വില പിഴവൻ നമ്മളെ തപ്പിയെന്നിരിക്കും.
പോരുന്ന വഴിൽ വല്ല പട്ടിയെ എങ്ങാനും കണ്ടാരുന്നോ?
പുതിയ പട്ടിപിടുത്തക്കാരനാവും.
നടന്നു നടന്നു മടുത്തു. ഒന്നിരിക്കട്ടെ.
കാലേലാണോടാ ചവിട്ടുന്നത്?
അതാ
അവിടെ നില്ലെടാ പട്ടീ.
BUS
നീയെന്നെ പട്ടീന്നു വിളിക്കും. അല്ലേടാ?
ആലുംചുവട്ടിലൊരു പട്ടി ബസ്സു കയറി ചത്തു കിടക്കുന്നുണ്ട്.
വേഗം വാ. ചിലപ്പം ചത്തു കാണുകേല.
ചത്തെടാ പോയേക്കാം
ഇതെന്റെ പട്ടിയാണല്ലോ!
അപ്പം നീയാ തല്ലിക്കൊന്നത് അല്ലേടാ?
പട്ടിയെ കിട്ടി! അടയാളങ്ങളെല്ലാം ഒത്തിട്ടുണ്ട്.
നമുക്കുടനെ ഉടമസ്ഥനെ ഏൽപിക്കാം
പട്ടിയല്ല. പെട്ടിയാ എനിക്കു നഷ്ടപ്പെട്ടത്. നിങ്ങളു വായിച്ച പത്രത്തിൽ പുള്ളി തെറ്റിയതാണ് കേല.
പോലീസ്!
?
TOMS




All rights reserved V.T.Thomas (Author)Reproduction in full or in part of any story or the use or imitation of Bobun and Molly and other related characters either through print or electronic media shall be made only with the written permission from the author.





Printed, Published & Owned by Boban Thomas and printed at Angel Web Kottayam, and published at Kottayam. Chief Editor: Sri. V.T.Tomas (Toms)
Toms Publications, S.H.Mount P.O., Nagampadam, Kottayam-686 006, Kerala, India. Phone: 0481-2565642, 3290478
E-mail: tomscomics@rediffmail.com, website-www.tomscartoons.com